**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോടഞ്ചേരി ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഇനിയും ധനാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കോടഞ്ചേരി ആർട്സ് കോളേജ് അക്കാദമിക് ബ്ലോക്കാണ് കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്നത്. അക്കാദമിക് ബ്ലോക്കിനെക്കുറിച്ചുള്ള സാങ്കേതിക വിലയിരുത്തൽ സംബന്ധിച്ച് റിപ്പോർട്ട് കിഫ്ബി കിറ്റ്കോയ്ക്ക് കൈമാറി. പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദിഷ്ട സ്ഥലം തിങ്ങിനിൽക്കുന്നത് കാരണം അക്കാദമിക് ബ്ലോക്കിന്റെ സ്ഥലം മാറ്റുന്നത് പുനഃപരിശോധിക്കാൻ കിഫ്ബി അഭിപ്രായപ്പെട്ടിട്ടുണ്ട്. സൈറ്റിന്റെ അവസ്ഥ കാരണം, കൂടുതൽ മെച്ചപ്പെട്ട സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ സ്ഥലത്തിൽ ഏറ്റവും മികച്ച ഭൂമി കണ്ടെത്തി, മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പുതുക്കിയ DPR , 2023 സെപ്റ്റംബറോടെ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്നു SPV ആയ KITCO അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ട് നിർദേശത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ? | (ബി) | കോടഞ്ചേരി ആർട്സ് കോളേജ് അക്കാദമിക് ബ്ലോക്കാണ് കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്നത്. അക്കാദമിക് ബ്ലോക്കിനെക്കുറിച്ചുള്ള സാങ്കേതിക വിലയിരുത്തൽ സംബന്ധിച്ച് റിപ്പോർട്ട് കിഫ്ബി കിറ്റ്കോയ്ക്ക് കൈമാറി. പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദിഷ്ട സ്ഥലം തിങ്ങിനിൽക്കുന്നത് കാരണം അക്കാദമിക് ബ്ലോക്കിന്റെ സ്ഥലം മാറ്റുന്നത് പുനഃപരിശോധിക്കാൻ കിഫ്ബി അഭിപ്രായപ്പെട്ടിട്ടുണ്ട്. സൈറ്റിന്റെ അവസ്ഥ കാരണം, കൂടുതൽ മെച്ചപ്പെട്ട സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ സ്ഥലത്തിൽ ഏറ്റവും മികച്ച ഭൂമി കണ്ടെത്തി, മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പുതുക്കിയ DPR , 2023 സെപ്റ്റംബറോടെ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്നു SPV ആയ KITCO അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ